(ബി) ഉദ്ദേശം ൧൯൫൯ ൦.

(സി) കർഷകത്തൊഴിലാളികൾക്ക് ൧൦൦, ഫാക്ടറിതൊഴിലാളികൾക്ക് ൧൫൦ വീടുകൾ ൧൯൫൯ @ അവസാനത്തിനു മുമ്പ് പണി തീർന്നതാണ്.

(ഡി) ൧൯൫൭—൫൯-ൽ നടപ്പുവാനുദ്ദേശിക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലും തൊഴിലാളികളെ ഉൾപ്പെടുത്തുന്നതാണ്. ഏതു വീടുകളാണെന്നുള്ളതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ഇ) തൊഴിലില്ലാത്തവർക്ക് തൊഴിൽ ഉണ്ടാക്കികൊടുക്കുന്ന കാര്യത്തിൽ ഗവൺമെണ്ട് കഴിവുള്ളതെല്ലാം ചെയ്തു കൊടുക്കുന്നു.

(എഫ്) അതും ഒരു കാരണമായിരിക്കാം.

ഹിന്ദി അദ്ധ്യാപകനില്ലാത്ത വിഷമം

൧൭൨. (൩) സാഹിബ് ബഹദൂർ വി. ചെലാതിരാവുത്തർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരിയിലുള്ള സർക്കാർ ഹൈസ്കൂളിൽ ഹിന്ദിഭാഷൈശ്ചികമായി എടുത്തിട്ടുള്ള കുട്ടികൾക്ക് ഹിന്ദി അദ്ധ്യാപകനില്ലാതെ വിഷമിക്കുന്ന സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

ഉവ്വ്. അവിടെ ഒരു ഹിന്ദി അദ്ധ്യാപകനെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്.

ആയുർവ്വേദാശുപത്രികളിലെ ചികിത്സ

* ൧൭൩. (൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ആയുർവ്വേദാശുപത്രികളുടെ പട്ടികയും, കഴിഞ്ഞ ൧൯ മാസക്കാലത്തിനുള്ളിൽ ഓരോ ആശുപത്രിയിലും ചികിത്സിച്ചിട്ടുള്ള രോഗികളുടെ സംഖ്യയും മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഓരോ ആയുർവ്വേദാശുപത്രിയിലും കിടത്തി ചികിത്സിക്കാനുള്ള ഇൻ-പേഷ്യൻറ് ബഡ്ഡുകളുടെ സംഖ്യ എത്ര;

(സി) ഓരോ ആയുർവ്വേദാശുപത്രിയിലേയും ചീഫ് ഫിസിഷ്യന്റെയും സീനിയർ ഫിസിഷ്യന്റെയും ശമ്പളഗ്രേഡ് എന്ത്?

ശ്രീ. എ. ജെ. ജോൺ:

(എ) ആയുർവ്വേദാശുപത്രികളുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. അതിൽ ഓരോ ആശുപത്രിയിലും ചികിത്സിച്ചിട്ടുള്ള രോഗികളുടെ സംഖ്യയും കാണിച്ചിട്ടുണ്ട്.

(ബി) അഴീക്കോട് ആയുർവ്വേദാശുപത്രിയിൽ ൧൦ ബഡ്ഡുകൾ
ചെറുതുരുത്തി ,, ൨൫ ,,
എറണാകുളം ,, ൩൦ ,,
കൊടകര ,, ൧൦ ,,
മട്ടാഞ്ചേരി ,, ൧൦ ,,
പള്ളിപ്പുറം ,, ൫ ,,
രാമവർമ്മ സെൻട്രൽ ആയുർവ്വേദാശുപത്രി, തൃശ്ശൂർ ,, ൨൦ ,,
തത്തമംഗലം ആയുർവ്വേദാശുപത്രിയിൽ ൧൦ ,,
തുപ്പുണിത്തുറ ,, ൧൦ ,,
തിരുവനന്തപുരം ,, ൪൦ ,,
നെയ്യാറ്റിൻകര ,, ൨൦ ,,

(സി) സീനിയർ ഫിസിഷ്യൻ അഴീക്കോട് ൫൦—൫൫
,, ,, ചെറുതുരുത്തി ൫൦—൫൦
ചീഫ് ,, എറണാകുളം ൫൫—൧൭൫
സീനിയർ ,, കൊടകര ൫൦—൫൫
,, ,, മട്ടാഞ്ചേരി ൫൦—൫൫

LIBRARY ARCHIVES Kerala Legislative Assembly